# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2216 **08.03.2017- ൽ മറുപടിയ്ക്ക്**

## സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സഹകരണ വകുപ്പ് 17 സംസ്ഥാന പദ്ധതികൾ പ്രകാരവും 3 എൻ.സി.ഡി.സി പദ്ധതികൾ പ്രകാരവും ധനസഹായം നൽകി വരുന്നുണ്ട്. പ്രാഥമിക വായ്പാ സംഘങ്ങൾക്ക് വാർഷിക പദ്ധതി പ്രകാരം കോർബാങ്കിംഗ്, കമ്പ്യൂട്ടറൈസേഷൻ ധനസഹായമായി 10 ലക്ഷം രൂപവരെ അനുവദിച്ചു നൽകുന്നുണ്ട്. ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ഒരു കോമൺ പ്ലാറ്റ് ഫോമിലേക്ക് കൊണ്ടുവരുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്.<br>ആശുപത്രി സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ബ്ലഡ് ബാങ്ക്, ലബോറട്ടറി എന്നിവ സ്ഥാപിക്കുന്നതിനും ആംബുലൻസ് വാങ്ങുന്നതിനും കൂടാതെ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കേപ്പിനും മറ്റ് വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കും ദുർബല വനിതാ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും സാഹിത്യപ്രവർത്തക സഹകരണ സംഘം, പ്രിന്റിംഗ്, ടൂറിസം, ലേബർ കോൺട്രാക്ട്, കൺസ്യൂമർ മാർക്കറ്റിംഗ്, എസ്.സി/എസ്.റ്റി വെൽഫയർ സംഘങ്ങൾ എന്നിവയ്ക്കും വിവിധ പദ്ധതികൾ പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്. |

.......2

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ സഹകരണ സ്ഥാപനങ്ങൾക്ക് സംയോജിത സഹകരണ വികസന പദ്ധതി പ്രകാരം ധനസഹായം നൽകുന്നുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളുടെ കോർബാങ്കിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകളിലേക്ക് ഈ പദ്ധതി പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്.

നോട്ട് അസാധുവാക്കലിനെ തുടർന്ന് സഹകരണ മേഖലയിൽ നിക്ഷേപചോർച്ച ഉണ്ടാകാതിരിക്കുന്നതിനായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം "സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ" സംഘടിപ്പിച്ചു.

സംഘങ്ങളിലെ കുടിശ്ശിക നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും സഹകാരികൾക്ക് വായ്പാ ബാധ്യതയിൽ നിന്നും ഒഴിവാകുന്നതിനുമായി "നവകേരളീയം കുടിശ്ശിക നിവാരണം" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും നൽകുന്ന വായ്പകളുടെയും ഒരംഗത്തിന് നൽകാവുന്ന പരമാവധി വായ്പാ പരിധിയും വർദ്ധിപ്പിച്ചു.

കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി സബ്സിഡി ഇനത്തിൽ ഫെഡറേഷന് നൽകാനുള്ള തുകയിൽ 45 കോടി രൂപയും ഇ-ത്രിവേണികൾ ആരംഭിക്കുന്നതിനായി 99.32 ലക്ഷം രൂപയും അനുവദിച്ചു.

ബി) സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതികൾ നടപ്പാക്കുമോ?

(ബി) വാർഷിക പദ്ധതി പ്രകാരം ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തി പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് ആരോഗ്യം, വിദ്യാഭ്യാസം, വിപണനം മുതലായ മേഖലകളിലെ പദ്ധതികൾക്ക് ധനസഹായം നൽകി വരുന്നുണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാഡമിക്ക് (CAPE) നൽകുന്ന സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നിർമ്മാണ

.......3

പ്രവർത്തനങ്ങൾക്ക് ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

എൻ.സി.ഡി.സി പദ്ധതി പ്രകാരം പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കൺസ്യൂമർ ബിസിനസ്, ഗോഡൗൺ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിന് ധനസഹായവും, പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ ഉൾപ്പെടെയുള്ള വായ്പാ സംഘങ്ങൾക്ക് കാർഷിക വായ്പാ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ധനസഹായം എന്നിവ നൽകി വരുന്നുണ്ട്.

സംയോജിത സഹകരണ വികസന പദ്ധതി മുഖേന സഹകരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക വഴി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനവും സാധ്യമാകുന്നതാണ്.

**സെക്ഷൻ ഓഫീസർ**